"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്-ബജറ്റ് 2025-26-കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- 'ഫിനിഷിംഗ് സ്കൂൾ' എന്ന പദ്ധതിയ്ക്ക് - തുക റിലീസ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.42/2025/HSG    തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:- 1. സ. ഉ. (സാധാ) നം.33/2025/HSG തീയതി 19.07.2025

2. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 28.07.2025-ലെ KESNIK/538/2025-OA(ACTS) നം. കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഫിനിഷിംഗ് സ്കൂൾ' എന്ന പദ്ധതിയ്ക്കായി 2216-80-101-98 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയിൽ നിജപ്പെടുത്തി പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു.

2. 'ഫിനിഷിംഗ് സ്കൂൾ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 50,00,000/- (അമ്പതു ലക്ഷം രൂപ മാത്രം) റിലീസ് ചെയ്ത് നല്കണമെന്ന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'ഫിനിഷിംഗ് സ്കൂൾ' എന്ന പദ്ധതിയ്ക്ക് ആദ്യ ഗഡുവായി 2216-80-101-98 എന്ന ശീർഷകത്തിൽ 10,00,000/-രൂപ (പത്തു ലക്ഷം രൂപ മാത്രം)കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

4.അടുത്ത റിലീസിനുള്ള ശിപാർശയോടൊപ്പം അനുവദിച്ച തുകയുടെ 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റ്, വിശദമായ ചെലവ് പത്രിക, പദ്ധതിയുടെ അതുവരെയുള്ള പ്രവർത്തി പുരോഗതി റിപ്പോർട്ട് എന്നിവയും അടിയന്തരമായി ആവശ്യമുള്ള തുകയുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.

1. 16.04.2018-ലെ സ. ഉ. (പി) നം.62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09.12.2008-ലെ സർക്കാർ നം. 84/2008/ധന-യിലെയും 30.01.2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും 30.01.2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ

കൃത്യമായി പാലിക്കേണ്ടതാണ്.

3. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
2. ഹൗസിംഗ് കമ്മീഷണർ, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (3247148/WW-WW1/123/2025/FIN dated 26.09.2025)
6. ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
7. ഐ & പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 04-10-2025 10:33:05
സെക്ഷൻ ഓഫീസർ